(സി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് നൽകുന്ന അധിക ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

ഉത്തരം

(എ&ബി) ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അടിസ്ഥാന ശമ്പളത്തിന്റെ ബ്രാൻഡ് പേ + അക്കാഡമിക് ഗ്രേഡ് പേ) 25 ശതമാനവും അതിന്റെ ഡി.എ.യും നോൺ പ്രാക്ടീസിംഗ് അലവൻസായി, ഡോക്ടർമാരുടെ പ്രാക്ടീസ് നിരോധിച്ചതിന് പകരമായി നൽകുന്നുണ്ട്.

**അവധിയെടുത്ത് വിദേശത്ത് ജോലിചെയ്യുന്ന ഡോക്ടർമാർ**

**56 (645)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ലീവെടുത്ത് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വീസിൽനിന്നും ദീർഘകാല അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച സർക്കാർനയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദന്തൽ ഡോക്ടർമാർ ഒഴികെയുള്ള ഡോക്ടർമാർക്ക് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നില്ല. എന്നാൽ സംസ്ഥാന സർവ്വീസിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള മൂന്ന് ദന്തൽ ഡോക്ടർമാർക്ക് ഇപ്രകാരം ലീവ് അനുവദിച്ചിട്ടുണ്ട്.

(ബി&സി) അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അനധികൃതമായി ജോലിക്കു ഹാജരാകാത്തവരെ പിരിച്ചുവിടാൻ നടപടി സ്വീകരിച്ചുവരുന്നു.

**ആയുർവേദമരുന്നുകളുടെ ഗുണനിലവാരം**

**57 (646)** പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായ പരസ്യങ്ങളുടെ സഹായത്താൽ മാത്രം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവ്വേദമരുന്നുകളുടെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിനും ഇവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന പാർശ്വഫലങ്ങൾ നിരീക്ഷിച്ചു പഠിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളുടെ പരസ്യ പ്രചരണങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയുർവേദമരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആയുർവേദ ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ ഒരു പ്രത്യേകവിഭാഗം പ്രവർത്തിക്കുന്നുണ്ട്. മരുന്നുകൾ നിർമ്മിക്കുന്നതിന് അംഗീകാരം നൽകുന്നതിനു മുമ്പായി സ്ഥാപനത്തിലെ ക്രമീകരണങ്ങളും പരിശോധനാസംവിധാനങ്ങളും ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകുന്നത്. ഇത്തരത്തിൽ ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുവാൻ നിലവിലെ നിയമപ്രകാരം ബാധ്യസ്ഥരാണ്. ഇത്തരത്തിൽ വിർക്കപ്പെടുന്ന അംഗീകൃത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡ്രഗ് ഇൻസ്പെക്ടർമാർ വീണ്ടും വിപണനശൃംഖലയിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലെ ആയുർവേദ സെക്ഷനിലേക്ക് അയയ്ക്കുന്നു. ടി പരിശോധനയിൽ അംഗീകൃത ഗുണനിലവാരം ഇല്ലായെന്ന് കണ്ടെത്തിയാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലൈസൻസ് നൽകിയിട്ടുള്ള ആയുർവേദമരുന്നുകളുടെ ഉപഭോഗംമൂലം പാർശ്വഫലങ്ങളെ സംബന്ധിച്ച പരാതികളൊന്നും നാളിതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ആയുർവേദ ഉൽപ്പന്നങ്ങളുടെ പരസ്യ പ്രചരണങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരം വ്യവസ്ഥയുണ്ട്. ടി നിയമനത്തിന്റെ ലംഘനത്തിനെതിരെ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

**മലപ്പുറം മണ്ഡലത്തിലെ ആയുർവ്വേദ, യുനാനി ആശുപത്രികളിലെ ഒഴിവുകൾ**

**58 (647)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ആയുർവ്വേദ യുനാനി ആശുപത്രികളുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിൽ പുതിയ ആശുപത്രി ആരംഭിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly